# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2466 06.12.2018-ൽ മറുപടിക്ക്**

**കൈത്തറി മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്കായുള്ള യൂണിഫോം നെയ്ത്ത് നൽകിയതിന്റെ കൂലി കുടിശ്ശിക നൽകാത്തത് കൈത്തറി മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നെയ്ത്തുകാരുടെ കൂലി നൽകിവരികയാണ്. |
| (ബി) ഓണത്തിന് മുമ്പ് കൂലിയിനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി കൈത്തറി ഡയറക്ടർ എന്ത് തുക അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടത്; സർക്കാർ എത്ര തുകയാണ് നൽകിയത്; | (ബി) & (സി) ഓണത്തിന് മുമ്പ് കൂലിയിനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി കൈത്തറി ഡയറക്ടർ 35 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. ഇതിൽ 25 കോടി രൂപ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ഇപ്പോൾ 40.26 കോടി രൂപ കൂടി പ്രസ്തുത പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. 2018 നവംബർ 30 വരെയുള്ള നെയ്ത്തുകാരുടെ കൂലി വിതരണം ചെയ്യുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. |
| (സി) കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തരമായി ഇടപെടുമോ എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ